ങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്നു നിർദ്ദേശിച്ചുകൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

സന്നദ്ധസംഘടനകൾക്ക് വിദേശത്തുനിന്നുള്ള സാമ്പത്തിക സഹായം

17(755) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സന്നദ്ധ സാമൂഹ്യസംഘടനകൾക്കാണ് വിദേശത്തുനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 1995 മുതൽ 2000 ജനുവരി 31 വരെ ഓരോ വർഷവും ഓരോ സംഘടനകൾക്കും എന്തു സഹായം എവിടെ നിന്നെല്ലാം ലഭിച്ചു എന്ന് വിശദമാക്കുമോ;

(സി) വിദേശ സഹായം ലഭിക്കുന്നത് പൂർണ്ണമായും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സന്നദ്ധ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതായി ഉറപ്പു വരുത്താൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടു കൂടിയാണ് സന്നദ്ധ സാമൂഹ്യ സംഘടനകൾക്ക് വിദേശത്തുനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നത്. ഇത് സംഘടനകൾക്ക് നേരിട്ടാണ് ലഭിക്കുന്നത്. വിദേശസഹായം പൂർണ്ണമായും സാമൂഹ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമൊന്നുമില്ല.

സംസ്ഥാനത്തിന് ലഭിക്കാനുള്ള കേന്ദ്ര വിഹിതം

18 (756) ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് 1998-99 ൽ ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ ലഭിച്ച തുക എത്ര;

(ബി) കേന്ദ്ര വിഹിതത്തിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള തുകലഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) 1999-2000 വർഷത്തിൽ ലഭിക്കാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly